പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2818 09.05.2017-ലെ മറുപടിക്ക്

## വൈപ്പിനിൽ നിന്നുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

ചോദ്യം
ശ്രീ. എസ്.ശർമ്മ

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ നിന്നും തിരുവനന്തപുരം, പാലക്കാട്, മൂന്നാർ, കോഴിക്കോട് എന്നിവിടങ്ങളിലേക്ക് പുതുതായി ആരംഭിച്ച കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ലാഭകരമാണോ എന്ന് വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ നിന്നാം കെ.എസ്.ആർ.ടി.സി ആരംഭിച്ചിട്ടുള്ള തിരുവനന്തപുരം സൂപ്പർഫാസ്റ്റും, പാലക്കാട് ഫാസ്റ്റ് പാസഞ്ചറും ലാഭകരമായാണ് ഓപ്പറേറ്റ് ചെയ്യുന്നത്. മൂന്നാർ, കോഴിക്കോട് ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ലാഭകരമായിട്ടല്ല സർവ്വീസ് നടത്തുന്നത്. |
| (ബി) | പ്രസ്തുത സർവ്വീസുകളുടെ റൂട്ടുകളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | ചെറായി ബീച്ച് – മൂന്നാർ സർവ്വീസ് ഷെഡ്യൂൾ പ്രകാരം ചെറായി ബീച്ച്, മൂന്നാർ സൈലന്റ് വാലിയിലേക്കും തിരികെ മൂന്നാർ, അടിമാലി വഴി ചെറായി ബീച്ച് എന്നത് ഇപ്പോൾ മൂന്നാർ, അടിമാലി, കോതമംഗലം, പെരുമ്പാവൂർ, ആലുവ വഴി വൈറ്റിലയിലേക്കും തിരികെ വൈറ്റില, വരാപ്പുഴ വഴി കൊടുങ്ങല്ലൂരിലേക്കും മാറ്റം വരുത്തിയിട്ടുണ്ട്. പ്രസ്തുത മാറ്റങ്ങൾക്കു ശേഷം ഷെഡ്യൂളിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ